പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.820

04/02/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) സ്കൂൾ തുറക്കുമ്പോൾ തന്നെ വിദ്യാർത്ഥികൾക്ക് പുസ്തകം, യൂണിഫോം എന്നിവ ലഭ്യമാക്കുന്നതുൾപ്പെടെ ഈ സർക്കാർ കാലയളവിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) 2018-19 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസുകളിലേയ്ക്കുള്ള ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ വിതരണം 2018 ജനുവരി 15-ാം തീയതി മുതലും രണ്ടാം വാല്യം ആഗസ്റ്റ് ആറാം തീയതി മുതലും, മൂന്നാം വാല്യം ഒക്ടോബർ പതിനേഴാം തീയതി മുതലും സ്കൂൾ സൊസൈറ്റികളിൽ എത്തിച്ച് വിതരണം കൃത്യസമയത്തു തന്നെ പൂർത്തീകരിച്ചു. 2018 ജൂണിൽ അദ്ധ്യയനം ആരംഭിക്കുന്നതിന് മുൻപ് തന്നെ യൂണിഫോം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും സമയബന്ധിതമായി വിതരണം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സർക്കാർ സ്കൂളുകളിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികൾ എത്ര; തുടർന്നുള്ള വർഷങ്ങളിലെ കണക്ക് എത്രയെന്നും വ്യക്തമാക്കുമോ;സൂചന | (ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സർക്കാർ സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിലായി 2016-17 അദ്ധ്യയന വർഷം 11,25,682 കുട്ടികളാണ് ഉണ്ടായിരുന്നത്. തുടർന്നുള്ള വർഷങ്ങളിൽ 2017-18 അദ്ധ്യയന വർഷം 11,26,712 കുട്ടികളും 2018-19 അദ്ധ്യയന വർഷം 11,45,973 കുട്ടികളുമാണുള്ളത്. |
| (സി) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലെയും ഓരോ ക്ലാസ്സ് മുറിയിലും ലൈബ്രറിയും എല്ലാ സ്കൂളുകളിലും ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ, വിശദാംശം ലഭ്യമാക്കാമോ; | (സി) 2018-19-ൽ സർക്കാർ യു.പി സ്കൂളുകളിൽ ക്ലാസ്സ് റൂം ലൈബ്രറികൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്. സർക്കാർ ഹൈസ്കൂളുകളിൽ പുതിയ പുസ്തകങ്ങൾ നൽകിക്കൊണ്ട് നിലവിലെ ലൈബ്രറി ശാക്തീകരിക്കുന്നതിനും ഈ അദ്ധ്യയന വർഷത്തിൽ നടപടികൾ സ്വീകരിച്ചു |

വരുന്നു. സർക്കാർ .യു.പി സ്കൂളുകളിൽ 5,6,7 ക്ലാസ്സുകളിലാണ് ക്ലാസ് ലൈബ്രറി സംവിധാനം ഒരുക്കുന്നത്. ക്ലാസ്സ് റൂം ലൈബ്രറികളിൽ 4,750 രൂപയുടെ (നാലായിരത്തി എഴുന്നൂറ്റി അമ്പതു രൂപ മാത്രം) പുസ്തകങ്ങളും ഹൈസ്കൂൾ ലൈബ്രറികളിൽ 45,000 രൂപയുടെ (നാൽപ്പത്തി അഞ്ചായിരം രൂപ മാത്രം ) പുസ്തകങ്ങളുമാണ് ഈ വർഷം നൽകുന്നത്. പ്രളയ ബാധിത സ്കൂളുകളിൽ (ഹൈസ്കൂൾ) 70,000 രൂപയുടെ (എഴുപതിനായിരം രൂപ മാത്രം) പുസ്തകങ്ങളാണ് നൽകുന്നത്.

സംസ്ഥാനത്തെ സ്കൂളുകൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ അതാത് സ്കൂളുകളുടെ 'സ്കൂൾ വിക്കി ' വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സൗകര്യം ഒരുക്കിയിട്ടുണ്ട്. ഹൈസ്കൂളുകളിൽ കൈറ്റ് നടപ്പിലാക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബുകളുടെ ഒരു പ്രവർത്തനമായി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന് നിർദ്ദേശിക്കുകയും ടി മാഗസിനുകൾ സ്കൂൾ വിക്കിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഡി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി വിഭാവനം ചെയ്തതിനു ശേഷം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ഡി) സംസ്ഥാനത്തെ എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകൾ ഉള്ള 4752 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ നടപ്പിലാക്കി. ടി സ്കൂളുകളിലെ 40087 ക്ലാസ് മുറികളിൽ ഉപകരണങ്ങൾ മൗണ്ട് ചെയ്തു ഉപയോഗിക്കുന്നതിനും, മൗണ്ട് ചെയ്യാൻ കഴിയാത്ത (അടച്ചുറപ്പില്ലാത്ത) ക്ലാസ് മുറികളിൽ 3163 ലാപ് ടോപ്പ് പൊതുവായും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ സ്കൂളുകൾക്കും അതിവേഗ ഇന്റർനെറ്റ് സൗകര്യവും നൽകിയിട്ടുണ്ട്. |

(ഇ) മുൻ സർക്കാർ കാലയളവിൽ പൂട്ടിയ സർക്കാർ സ്കൂളുകൾ എത്ര; ഈ സർക്കാർ കാലയളവിൽ സ്കൂളുകൾ പൂട്ടുകയുണ്ടായോ; എങ്കിൽ എത്ര; വിശദാംശം ലഭ്യമാക്കാമോ;

(ഇ) മുൻ സർക്കാർ കാലയളവിൽ പൂട്ടിയ സർക്കാർ സ്കൂളുകളുടെ എണ്ണം 1 ആണ്. ഈ സർക്കാർ കാലയളവിൽ സർക്കാർ സ്കൂളുകൾ ഒന്നും തന്നെ പൂട്ടിയിട്ടില്ല.

(എഫ്) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ നിലവിൽ എന്തെല്ലാം പ്രശ്നങ്ങൾ നേരിടുന്നുവെന്നും അവ പരിശോധിച്ച് പരിഹരിക്കാൻ നടത്തുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(എഫ്) പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പദ്ധതി – പദ്ധതിയേതര പ്രവർത്തനങ്ങളിലൂടെയും നിരവധിയായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയും 'ശ്രദ്ധ', 'ഹലോ ഇംഗ്ലീഷ്', 'മലയാളത്തിളക്കം', 'നവപ്രഭ' തുടങ്ങി നിരവധിയായ പരിപാടികൾ നടപ്പിലാക്കി വരുന്നു.

(ജി) സംസ്ഥാനത്ത് സർക്കാർ / എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകരുടെ എണ്ണം എത്ര; ഇവരിൽ എത്ര ശതമാനം പേർ സാലറി ചലഞ്ചിൽ പങ്കെടുത്തുവെന്ന് സർക്കാർ / എയ്ഡഡ് മേഖലകൾ തരംതിരിച്ച് വ്യക്തമാക്കുമോ?

(ജി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | സർക്കാർ | എയ്ഡഡ് | ആകെ |
|---|---|---|---|
| അദ്ധ്യാപകർ | 53596 | 94109 | 147705 |
| അനദ്ധ്യാപകർ | 8583 | 9669 | 18252 |

ഇവരിൽ എത്ര ശതമാനം പേർ സാലറി ചലഞ്ചിൽ പങ്കെടുത്തുവെന്ന് നിലവിൽ വിവരശേഖരണം നടത്തിയിട്ടില്ല.

Namitha P

**സെക്ഷൻ ഓഫീസർ**